# ഏരമം നോർത്ത്. എൽ. പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ERAMAM NORTH L.P. SCHOOL
P.O. ERAMAM DESAM
Date..............

# 2025-26

Scanned by Scanner Go

സ്കൂളിന്റെ പേര് : എരമം നോർത്ത് എൽ.പി സ്കൂൾ

സ്ഥാപിതം : 1927

വില്ലേജ് : എരമം

പഞ്ചായത്ത് : എരമം കുറ്റൂർ

ബ്ലോക്ക് : പയ്യന്നൂർ

ബി.ആർ.സി : പയ്യന്നൂർ

ജില്ല : കണ്ണൂർ

സബ് ജില്ല : പയ്യന്നൂർ

ഹെഡ് മിസ്ട്രസ് : രജനി. എം

മൊബൈൽ നമ്പർ : 9539695400

മറ്റ് അധ്യാപകർ : വിജി.ബിന്ദു
ടി. ഷാജിമോൻ
സിദ്ധാർഥ് കെ.സി.

മാനേജർ : പി. ടി. ഗീത

ഇമെയിൽ : neramam@gmail.com

ലാന്റ് ഫോൺ നമ്പർ : 04985 281630

സ്കൂൾ കോഡ് : 13935

Scanned by Scanner Go

## ആമുഖം

1927 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ പ്രാരംഭകാലത്ത് 50 സെന്റ് ഭൂമിയിലാണ് പ്രവർത്തിച്ചുവന്നത് ഇന്ന് 18.45 ഭൂമി മാത്രമേ ഉള്ളൂ. സ്ഥല പരിമിതിമൂലം ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. വായിക്കാട്ട് സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം സ്ഥാപിച്ചത് ശ്രീ. ടി.എം. കേശവൻ നമ്പിയാണ്. ഒരു നാട്ടുപള്ളിക്കൂടമായി തുടങ്ങി ഏകാധ്യാപക സ്കൂളായി ഇത് പ്രവർത്തിച്ചു. അതിനുശേഷം അനേകം വ്യക്തികളുടെ ചുമതലയിൽ നടന്നുവന്നു. ശ്രീ. വി.വി - ചാത്തുക്കുട്ടി മാഷ്, കൈതേരി ദേരമ്പൻ നമ്പ്യാർ, മനിയേരി കുഞ്ഞിരാമൻ മാഷ്, ടി.എം. വാസുദേവൻ നമ്പീശൻ തുടങ്ങിയവരെ പ്രത്യേകമായി ഓർമിക്കപ്പെടുന്നു. 1952ന് മുമ്പ് ഇത് മദ്രാസ് സംസ്ഥാനത്തിന്റെ കീഴിൽ ആയിരുന്നു. 1952ൽ യശ:ശരീരനായ വി.എം- പരമേശ്വരൻ സ്ഥലം ടി.എം. വാസുദേവൻ നമ്പീശനോടും എ.യം. നാരായണൻ നമ്പീശനോടും വില നൽകി വാങ്ങിക്കുകയും അനുജൻ കൃഷ്ണൻ നമ്പീശൻ അധ്യാപകനായി ചേരുകയും ചെയ്തു. പടിക്കാത്തിടിൽ പറമ്പ് എന്നാണ് രജിസ്റ്റർ രേഖയിൽ കാണുന്ന സ്ഥലനാമം. ഈ വിദ്യാലയത്തെയും നാടിനെയും നാട്ടുകാരെയും വളരെ സ്നേഹത്തോടെ കണ്ട് പ്രവർത്തിച്ച വ്യക്തിയായിരുന്ന കൃഷ്ണൻ മാസ്റ്ററോടൊപ്പം സി.കെ. കൃഷ്ണൻ നായർ, ദാമോദരൻ നമ്പീശൻ, വി.കെ. രാമൻ നായർ, കെ. കുമാരൻ മാസ്റ്റർ എന്നിവർ സഹപ്രവർത്തകരായിരുന്നു. അന്ന് പ്രധാനാധ്യാപകന്റെ - ചുമതല ശ്രീ. ഹരിഹരയ്യർ മാസ്റ്ററായിരുന്നു. കൃഷ്ണൻ മാസ്റ്ററുടെ മരണത്തിനു ശേഷം സ്കൂളിന്റെ ഉത്തരവാദിത്തം ജ്യേഷ്ഠനായ പരമേശ്വരൻ നമ്പീശന്

Scanned by Scanner Go

മേലധികാരികൾ നൽകി. 1957 മുതൽ എരമം നോ-
ർത്ത് എൽ.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെ-
ടാൻ തുടങ്ങി. പരമേശ്വരൻ നമ്പീശന്റെ മരണശേഷം
മൂത്ത മകനായ ശ്രീ. ടി.എം. ബാലകേശവൻ നമ്പീശൻ
സ്കൂളിന്റെ ചുമതല ഏറ്റെടുത്തു. 2015 മുതൽ
ശ്രീമതി. പി.ടി. ഗീതയാണ് സ്കൂൾ മാനേജരായി
പ്രവർത്തിക്കുന്നത്.

1 മുതൽ 5 വരെ ക്ലാസുകളാണ് ഇവിടെ പ്ര
വർത്തിച്ചുവരുന്നത്. മുൻകാലങ്ങളിൽ എല്ലാക്ലാസു
കളും ഡിവിഷനുകളോടെയാണ് നടന്നിരുന്നത്. സ്ഥി
രമായും താൽക്കാലികമായും ധാരാളം അധ്യാപകർ അധ്യാ
പനം നടത്തിയിരുന്നു. ശ്രീ. പി.എം. മാധവൻ മാസ്റ്റർ
യു. കുഞ്ഞിരാമൻ മാസ്റ്റർ, സി.കെ. ദാമോദരൻ നായർ,
ടി.എം. പരമേശ്വരൻ നമ്പീശൻ, കെ.എം. ഗോവിന്ദൻ
നമ്പീശൻ, ഉണ്ണുത്തിരി മാസ്റ്റർ കുഞ്ഞി വിഷ്ണു നമ്പീശൻ
ടി.എം. ബാലകേശവൻ മാസ്റ്റർ തുടങ്ങിയവർ പഴയകാല-
ങ്ങളിലെ അധ്യാപകരായിരുന്നു. 198-90 കാലഘട്ട-
ങ്ങളിൽ ശ്രീ. സെബാസ്റ്റ്യൻ മാസ്റ്റർ, ടി.എം. നാരായണൻ
നമ്പീശൻ, ഇ.വൈ. രവീന്ദ്രൻ മാസ്റ്റർ, ടി.എം. ഹരീന്ദ്രൻ
മാസ്റ്റർ, ഉർമിള ടീച്ചർ, ശാന്ത ടീച്ചർ, തമ്പാൻ മാസ്റ്റർ
ശിവദാസൻ മാസ്റ്റർ, ശിവദാസൻ മാസ്റ്റർ, ഉണ്ണികൃഷ്ണൻ മാസ്റ്റർ
ശ്രീകുമാരൻ മാസ്റ്റർ തുടങ്ങിയവർ സർക്കാർ നിയമനം
കിട്ടിയതിനാൽ ഇവിടന്ന് പോവുകയായിരുന്നു. 2022-
23 അധ്യയന വർഷത്തിൽ പ്രധാനാധ്യാപനനായിരുന്ന
സി. വിജയൻ മാസ്റ്ററും സീനിയർ അധ്യാപകനായിരുന്ന
ശ്രീ. കെ.എം. സോമൻ മാസ്റ്ററും ഔദ്യോഗിക ജീവിത-
ത്തിൽ നിന്നും പിരിയുകയുണ്ടായി.

1969 ലാണ് വിദ്യാലയങ്ങളിൽ പി.ടി.എ.
രൂപീകൃതമായത്. ആദ്യത്തെ പി.ടി.എ. പ്രസിഡണ്ട്
കൃഷ്ണൻ നമ്പ്യാർ ആയിരുന്നു. മുമ്പ് കുട്ടികൾ കുറ-
ഞ്ഞതിന്റെ പേരിൽ അപ്പോഴത്തെ ഗവൺമെന്റ്

അടച്ചു പൂട്ടുമെന്ന ഭീഷണി വച്ചപ്പോൾ അന്നത്തെ
പി. ടി. എ. പിന്നോക്ക വിഭാഗക്കാരായ (OEC) 50 ഓളം
കുടുംബങ്ങളുടെ ഒപ്പ് ശേഖരിച്ച് വിദ്യാഭ്യാസ മന്ത്രിക്കും
ഡിപ്പാർട്ടുമെന്റിനും അയക്കുകയുണ്ടായി. 1984 മുതൽ
സ്കൂൾ അനാദായകരമെന്ന പേരിൽ അറിയപ്പെട്ടു. ഇന്ന്
ഇന്ന് നൂറ് കുട്ടികളിൽ താഴെ വന്ന പരിതാപകരമായ
അവസ്ഥയിലാണുള്ളത്. കഴിഞ്ഞ കുറച്ച് വർഷങ്ങളി
ലായി 5 അധ്യാപകരും 5 ക്ലാസുകളുമാണുള്ളത്.

ജനങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള
താൽപര്യം കണക്കിലെടുത്ത് പ്രീ പ്രൈമറി വിഭാഗവും തുട-
ങ്ങിയിട്ടുണ്ട്. പക്ഷെ എന്നിരുന്നാലും തൊട്ടടുത്തുള്ള
തവിടിശ്ശേരിയിൽ KG മുതൽ 10 വരെ ക്ലാസുകൾ പ്രവർത്തി-
ക്കുന്നത് നമുക്കേറെ ദോഷം തന്നെയാണ്. ഇപ്പോൾ ഒന്നു
മുതൽ 5 വരെ 75 കുട്ടികളും KG യിൽ 13 കുട്ടികളുമാ-
ണുള്ളത്. 4 അധ്യാപകരും KG യിൽ 2 അധ്യാപകരുമാ-
ണ് ജോലി ചെയ്തുവരുന്നത്. 1996 മുതൽ ശ്രീമതി സി-
ജെ രാധ ഉച്ച ഭക്ഷണം തയ്യാറാക്കി വരുന്നു. പി. ടി. എ-
യും അധ്യാപകരും ചേർന്ന് ധാരാളം പരിപാടികൾ
സ്കൂളിൽ സംഘടിപ്പിക്കാറുണ്ട്. കലാ കായികമേളയിൽ
മികച്ച വിജയം കൈവരിക്കാനും L.S.S. പരീക്ഷയിൽ
തിളക്കമാർന്ന വിജയം നേടാനും സാധിച്ചിട്ടുണ്ട്.
പാഠ്യ പ്രവർത്തനങ്ങൾക്കു പുറമെ പച്ചക്കറി കൃഷി,
നെൽകൃഷി തുടങ്ങിയവയും പ്രോത്സാഹിപ്പിച്ച് വരുന്നു-
ണ്ട്. സ്കൂൾ ലൈബ്രറി, ക്ലബ്ബുകൾ തുടങ്ങിയവ ധാരാ-
ളം പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യുന്നുണ്ട്.
അക്കാദമിക പ്രവർത്തനങ്ങളിലും കലാകായിക പ്രവർ-
ത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർ
ത്തുന്നു.

Scanned by Scanner Go

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടികൾ ലഭ്യമായെന്ന് ഉറപ്പു വരുത്തുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുക
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യവും ഒരുക്കിക്കൊടുക്കുക.
* ഐ. സി. ടി. പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
* മുഴുവൻ ക്ലാസുകളിലും ഐ. സി. ടി. സാധ്യത ഉറപ്പാക്കുക.
* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പ് വരുത്തുക
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക
* വിദ്യാലയം തന്നെ പാഠപുസ്തകം എന്നരീതിയിലേക്ക് ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
* ലാബു പഠന യാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, പഠനക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക
* കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക
* പ്രാദേശിക വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക

Scanned by Scanner Go

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | ജൂൺ ആദ്യവാരം തന്നെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു<br>* ഒഴിവു ദിവസങ്ങളിൽ പ്രത്യേക പഠനക്ലാസുകൾ നടത്തുന്നു | | | |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പരിസരം ആകർഷണീയമാക്കൽ | * സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ കഥാസന്ദർഭങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ചുമരുകളിൽ വരയ്ക്കുന്നു | 2025-26 | 20000 | പി.ടി.എ സ്റ്റാഫ് പൂർവ്വ വിദ്യാർത്ഥികൾ |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | * പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്കുഷീറ്റുകൾ തയ്യാറാക്കുന്നു.<br>* വായനാമൂല സജ്ജീകരിക്കുന്നു.<br>* വിവിധ നിലവാരക്കാർക്ക് യോജിച്ച പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | ആദ്യത്തെ മൂന്ന് മാസം | 7000 | പി.ടി.എ ലൈബ്രറി |
| ഭാഷാ പഠനം ലളിതവും ആകർഷകവുമാക്കൽ | * കുട്ടികളിലെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാ ലാബ് തയ്യാറാക്കുന്നു<br>* ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | 2025-26 | 25000 | പൂർവ്വ വിദ്യാർത്ഥികൾ എസ്.എസ്.ജി |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമൊരുക്കൽ | * പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്യാമ്പ് | 2025-26 | 6000 | പൂർവ്വവിദ്യാർഥികൾ വിദ്യാരംഗം ലൈബ്രറി |
| കുട്ടികളിലെ വായനാശീലം പൊതുവെ കുറയുന്നതായി അനുഭവപ്പെടുന്നു. | * ഓരോ ക്ലാസിലും ചെല്ലുമ്പോൾ ഒരു പുസ്തകത്തിന്റെ കോപ്പി നൽകുന്നു. അതിനുശേഷം ആ പുസ്തകവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു. | 2025-26 | 15000 | പൂർവ്വ വിദ്യാർത്ഥികൾ SSA |

Scanned by Scanner Go

ENGLISH

| Problems | Solutions | time | Amount | Agency |
| --- | --- | --- | --- | --- |
| Diffective pronounciation | Audio video clippings on correct pronunciation, ICT fecilities | 2025-26 | 5000 | PTA MPTA teachers |
| lack of communication skill | Dramatisation of stories and inacting them conducting english fest theatre Workshop formation of of English club and assembly | 2025-26 | 3000 | PTA MPTA management Brc |
| Adressing slow place learners | TM & and TLM adressing the slow learners special coaching class for slow learners. | 202526 | | |
| support to gifted children | special coaching class using language experts introducing english library magazines created by children | 2025-26 | - | teachers |
| illegible hand writing | peer group learning english diary | 205-26 | 500 | teachers and students |
| in sufficient vocabulary | Word games in computers, dictionary making words of text books and other story books | 2025-26 | 5000 | Teacher and students |

Scanned by Scanner Go

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിശു സൗഹൃദ പഠനസാമഗ്രികളുടെ കുറവ് | * ഗണിത ലാബ് ശാക്തീകരണം<br>* ക്ലാസ് ഗണിത ലാബ് ശാക്തീകരണം | 2025-26 | 50000 | PTA<br>staff<br>തദ്ദേശ സ്ഥാപനങ്ങൾ |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | * ഗണിത ക്ലബ് ശാക്തീകരണം<br>* ഗണിത കേളികൾ<br>* ഗണിത ശില്പശാല<br>* ഗണിത അസംബ്ലി | 2025-26 | 6000 | PTA<br>teachers |
| ചതുഷ്ക്രിയകൾ ചെയ്യുമ്പോഴുള്ള പ്രശ്നങ്ങൾ | * ഉല്ലാസ ഗണിതം<br>* ഗണിത വിജയം<br>* ഗണിത ക്യാമ്പ്<br>* ഗണിത കേളികൾ | 2025-26 | 10000 | PTA<br>teachers |
| പ്രശ്നാപഗ്രഥനം മനക്കണക്കുകൾ തുടങ്ങിയവ അനായാസം പരിഹരിക്കാൻ. | * ഗണിത ശില്പശാല<br>* ഗണിത ക്യാമ്പ്<br>* മത്സരങ്ങൾ | 2025-26 | 20000 | PTA<br>Resource persons<br>teachers |
| സംഖ്യാബോധം വേണ്ടത്ര ഇല്ലാത്ത പ്രശ്നങ്ങൾ | * ഗണിതകേളികൾ<br>* ഉല്ലാസ ഗണിതം<br>* ഗണിത വിജയം | 2025-26 | 10000 | PTA<br>teachers |

Scanned by Scanner Go

# പരിഹാരപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
| --- | --- | --- | --- | --- |
| പാഠ്യപദ്ധതിയിൽ പറഞ്ഞ മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | * ക്ലാസ് ലാബ് തയ്യാറാക്കുന്നു<br>* വർക്ക് ഷീറ്റുകൾ<br>* യൂണിറ്റ് ടെസ്റ്റ് | 2025-26 | 25000 | SRG PTA |
| പാഠഭാഗങ്ങൾ ലളിതവും ആകർഷകവുമാക്കുക | ഐ.സി.ടി. അധിഷ്ഠിത ക്ലാസുകൾ<br>* വർക്ക് ഷീറ്റുകൾ<br>* സ്കൂൾ ലാബ് ശാക്തീകരണം<br>* വിഭവ ശേഖരണം | 2025-26 | 20000 | PTA management |
| പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | * ക്ലാസ് ലാബ്, ചുമർ ചിത്രപടങ്ങൾ തുടങ്ങിയവ.<br>* എല്ലാ ക്ലാസിലെ കുട്ടികൾക്കും പരീക്ഷണം ചെയ്യാനുള്ള അവസരം | 2025-26 | 50000 | PTA manage ment |
| കുട്ടികളിലെ ശാസ്ത്രീയ സാമൂഹിക മനോഭാവം കൂട്ടുന്നു | * ഫീൽഡ് ട്രിപ്പുകൾ<br>* പഠന യാത്രകൾ<br>* പഠന ക്യാമ്പുകൾ | 2025-26 | 6000 | PTA SRG menage ment |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | * വിദഗ്ധരായ ആളുകളുടെ ക്ലാസുകൾ<br>* അഭിമുഖം<br>* ഫീൽഡ് ട്രിപ്പ് | 2025-26 | 2000 | parents menage ment |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | * ബുള്ളറ്റിൻ ബോർഡ്<br>* സെമിനാർ | 2025-26 | 4000 | സാമൂഹിക ശാസ്ത്ര ക്ലബ് |

Scanned by Scanner Go

## പി.ടി.എ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| അക്കാദമിക നോൺ അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>* രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>* LSS പരിശീലനം കലാകായിക മേള | 2025-26 | 1000 | PTA Staff |
| PTA MPTA പ്രാതിനിധ്യക്കുറവ് | * മാസത്തിൽ ഒരുദിവസം ജനറൽ ബോഡി കൂടി യോഗം ചേരുക<br>* ഗൃഹ സന്ദർശനപരിപാടി<br>* ഉച്ച ഭക്ഷണ പരിപാടിയിൽ ഉൾക്കൊള്ളിക്കൽ<br>* കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ | 2025-26 | 15000 | PTA & Staff. |
| | പരിസ്ഥിതി | | | |
| അടുക്കളത്തോട്ടം | രക്ഷിതാക്കളുടെ സഹായത്താൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു | ജനുവരി മാർച്ച് | 5000 | parents teachers |
| പ്ലാസ്റ്റിക് മലിനീകരണം | * പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br>* ബോധവൽക്കരണ ക്ലാസ് | ജൂൺ ജൂലൈ | 2000 | |
| സ്കൂൾ തന്നെ പാഠപുസ്തകം | * ഔഷധ സസ്യത്തോട്ട നിർമ്മാണം<br>* പൂന്തോട്ട നിർമ്മാണം | 2025-26 | 5000 | മാനേജ്മെന്റ് |
| | ലൈബ്രറി | | | |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ്<br>ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ<br>രക്ഷിതാക്കളെ ലൈബ്രറിയിൽ അംഗമാക്കൽ | സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ<br>* അലമാര ഒരുക്കൽ<br>* ആകർഷകമായ പുസ്തകങ്ങൾ ഒരുക്കൽ<br>* കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കൽ | 3 മാസം<br>2025-26 | | പൂർവ്വ വിദ്യാർത്ഥികൾ |

RAJANI ... HEADMISTRESS ... L.P SCHOOL

Scanned by Scanner Go